# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

പ്രവാസികൾക്ക് പ്രോക്സി വോട്ട്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1476      6.03.2020- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ടെത്തി വോട്ട് ചെയ്യണമെന്ന കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി വരുത്തി പ്രവാസികൾക്ക് പ്രോക്സി വോട്ട് അനുവദിക്കണമെന്ന നിർദ്ദേശം 2019 ജൂൺ 1 -ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിരുന്നോ; | (എ) | സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്ന് ഇത്തരമൊരു നിർദ്ദേശം ലഭ്യമായിട്ടുണ്ട്.ആയത് പരിശോധിച്ച് വരികയാണ്. |
| (ബി)<br><br>(സി)<br><br>(ഡി) | പ്രതിരോധ മേഖലയിലുള്ളവർക്ക് ദേശീയ തലത്തിൽ പ്രോക്സി വോട്ട് അനുവദിച്ചതിന്റെ ചുവടുപിടിച്ചാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിന് നിർദ്ദേശം സമർപ്പിച്ചതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുക ഉണ്ടായോ;<br><br>ആക്റ്റിൽ ഭേദഗതി വരുത്തി നിയമം പാസാക്കിയിരുന്നെങ്കിൽ പ്രോക്സി വോട്ട് നടപ്പാക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളത്തിന് മാറാമായിരുന്നില്ലേ;<br><br>അടുത്ത് വരാൻ പോകുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ പ്രോക്സി വോട്ട് നടപ്പാക്കാനുള്ള സാധ്യത ഉണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ബി),<br>(സി)<br>&<br>(ഡി) | പ്രോക്സി വോട്ടിംഗ് അനുവദിക്കുന്നതിന് മുമ്പായി വോട്ടർ പട്ടിക തയ്യാറാക്കൽ, വോട്ടർമാരുടെ ഐഡന്റിറ്റി, തിരഞ്ഞെടുപ്പിന്റെ രഹസ്യ സ്വഭാവം എന്നിവ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ രേഖകൾ ആവശ്യമായിട്ടുണ്ട്. കൂടാതെ voting-ന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിനായും നിഷ്പക്ഷമായ രീതിയിൽ വോട്ടുകൾ രേഖപ്പെടുത്തുന്നതിനും വിവിധതലത്തിൽ ചർച്ചകൾ നടത്തേണ്ടതുണ്ട്. ആയതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ